©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**എട്ടാമത് റിപ്പോർട്ട്**

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2010-2011) യുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## എട്ടാമത് റിപ്പോർട്ട്

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2010-2011) യുടെ ഇരുപത്തിയൊൻപതാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

1584/2021.

ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ | .. | 21 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023) യുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11)യുടെ 29-ാമത് റിപ്പോർട്ടിലെ (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള വിശാലകൊച്ചി വികസന അതോറിറ്റിയുടെ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെ നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയുടെയും സമിതിയുടെ ആവശ്യാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെയും പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജൂലൈ മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ആഗസ്റ്റ് 10.

## റിപ്പോർട്ട്

### അദ്ധ്യായം I

1.1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11)യുടെ 29-ാമത് റിപ്പോർട്ടിലെ (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള വിശാലകൊച്ചി വികസന അതോറിറ്റിയുടെ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെ നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയുടെയും സമിതിയുടെ ആവശ്യാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെയും പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

1.2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11)യുടെ 29-ാമത് റിപ്പോർട്ട് 2010 ഡിസംബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 13 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ ലഭ്യമായ സർക്കാർ മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ് എന്നിവ 1-1-2020 തീയതിയിലെ സമിതിയോഗം പരിഗണിക്കുകയുണ്ടായി.

1.3. സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്, സമിതിയുടെ തുടർ ശിപാർശ എന്നിവ അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

1.4. സർക്കാരിൽ നിന്നും ലഭിച്ച മറുപടികളുടേയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

### അദ്ധ്യായം II

### 2.1 സമിതി ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും തുടർശിപാർശകളും.

#### ഖണ്ഡിക നമ്പർ 87

#### ശിപാർശ

2.1.1 ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം ജി.സി.ഡി.എ. നിർമ്മിച്ചിരിക്കുന്നത് സാങ്കേതികാനുമതി ലഭ്യമാക്കാതെയാണെന്ന് സമിതി മനസ്സിലാക്കുന്നു. ജി.സി.ഡി.എ.-യുടെ സാങ്കേതിക വിഭാഗം നാളിതുവരെയും ഈ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സാങ്കേതിക പരിശോധനയ്ക്ക്

വിധേയമാക്കുകയോ ആയതിന്റെ സാങ്കേതിക അനുമതി നൽകുകയോ ചെയ്തിട്ടില്ല. സ്റ്റേഡിയം നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള സാങ്കേതിക തകരാറും പോരായ്മകളും അപാകതകളും പണിയിൽ ഇടയ്ക്കിടെ സാരമായ മാറ്റങ്ങൾ വരുത്തുന്നതിന് സംഗതിയായതും എസ്റ്റിമേറ്റ് സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കാത്തതുമൂലമാണെന്ന് സമിതി വിലയിരുത്തുന്നു. സാങ്കേതിക അനുമതി എന്നാൽ സാങ്കേതിക വിദഗ്ധന്റെ വെറും ഒരു പരിശോധനയല്ല നേരെമറിച്ച് നിർദ്ദിഷ്ട പദ്ധതി ഘടനാപരമായി ശക്തവും സുരക്ഷിതവുമാണെന്നും എസ്റ്റിമേറ്റ് വേണ്ടത്ര വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മമായി കണക്കാക്കിയിട്ടുള്ളതാണെന്നുമുള്ള ഗുണമേന്മ ഉറപ്പുനൽകുന്ന സാക്ഷ്യപത്രമാണെന്നുള്ള ഓഡിറ്റ് നിരീക്ഷണം ശ്രദ്ധേയമാണ്. സാങ്കേതികമായ പല തകരാറുകളും പോരായ്മകളും ഈ പ്രോജക്ടിന്റെ പണിയിലുടനീളം ദൃശ്യമാണ്. ഇപ്രകാരം സാങ്കേതികാനുമതി കൂടാതെ പ്രോജക്ട് നടപ്പിലാക്കിയ ജി.സി.ഡി.എ.-യുടെ പ്രവൃത്തി ക്രമരഹിതവും നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധവുമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിനുവേണ്ട കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.2 സാങ്കേതികാനുമതി ലഭ്യമാകാതെ സ്റ്റേഡിയം നിർമ്മാണം നടത്തി പൂർത്തിയാക്കിയത് ശരിയായ നടപടിയല്ല. എന്നാൽ ജി.സി.ഡി.എ.-യുടെ പരിചയ സമ്പന്നരായ സാങ്കേതിക വിദഗ്ധരായ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ഈ സ്റ്റേഡിയത്തിൽ പല അന്താരാഷ്ട്ര ടൂർണമെന്റുകളും നടന്ന് വരുന്നുണ്ട്. ഒരു ബൃഹത്തായ പ്രോജക്ട് നടപ്പാക്കുമ്പോൾ പ്രോജക്ടിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് അടങ്കലിൽ പല വ്യതിയാനങ്ങളും ഉണ്ടാവുകയെന്നത് സ്വാഭാവികമാണ്. ആയത് സാങ്കേതികാനുമതി ലഭ്യമാക്കാത്തതു കൊണ്ട് സംഭവിച്ചതാണെന്ന ഓഡിറ്റിന്റെ വാദം ശരിയല്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.1.3 എസ്റ്റിമേറ്റ് സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കാത്തതിനാൽ പണിക്കിടയിൽ സാരമായ മാറ്റങ്ങൾ പോലും വരുത്തുകയുണ്ടായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കാതെയാണ് സ്റ്റേഡിയം നിർമ്മാണം നടത്തിയതെന്ന് ജി.സി.ഡി.എ. അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുമൂലമുണ്ടായ അപാകതകളും അടങ്കൽ വ്യതിയാനവും സ്വാഭാവികമാണെന്ന വാദം അംഗീകരിക്കത്തക്കതല്ല. ഇപ്രകാരം ചട്ടവിരുദ്ധമായി പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്നില്ല എന്നും ഇത്തരം നടപടികൾ ആവർത്തിക്കുന്നില്ല എന്നുറപ്പാക്കുന്നതിനും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതായി കാണുന്നില്ല.

**തുടർ ശിപാർശ**

**2.1.4 സാങ്കേതികാനുമതി കൂടാതെ ജി.സി.ഡി.എ. പ്രോജക്റ്റ് നടപ്പിലാക്കിയ നടപടി ക്രമരഹിതവും നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധവുമായതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 90

ശിപാർശ

2.2.1 1996-ൽ പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട സ്റ്റേഡിയത്തിന്റെ ഫൈനൽ ബിൽ നാളിതുവരെയും സെറ്റിൽ ചെയ്തിട്ടില്ല എന്ന വസ്തുത വളരെ ഗൗരവതരമായ ഒരു വസ്തുതയാണ്.

സർക്കാർ സ്വീകരിച്ച നടപടി

2.2.2 സ്റ്റേഡിയത്തിന്റെ പ്രവൃത്തി 31-5-1996-ൽ പൂർത്തീകരിക്കുകയും ബില്ല് 15-10-1997-ൽ പരിശോധനയ്ക്ക് സമർപ്പിക്കുകയും ചെയ്തുവെങ്കിലും 11-4-1999-ൽ സ്റ്റേഡിയം സംബന്ധിച്ച് ഓഡിറ്റ് പരാമർശമുണ്ടായതിനാൽ ആയത് തീർപ്പാക്കിയിട്ട് ബില്ല് നൽകുന്നതിന് അതോറിറ്റി സെക്രട്ടറി ഉത്തരവായി. പിന്നീട് എഗ്രിമെന്റ് വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടതിനെ തുടർന്ന് 2001-ൽ ഫയലുകൾ ടി വകുപ്പിന് നൽകുകയും 2003, സെപ്റ്റംബറിൽ ആണ് വിജിലൻസ് കൊണ്ടുപോയ ഫയലുകൾ തിരികെ അതോറിറ്റിയിൽ ഏൽപ്പിച്ചത്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് കഴിഞ്ഞ് പെയ്മെന്റ് നൽകാവുന്നതാണ് എന്ന് 2008, മേയ്-ൽ ഉത്തരവാകുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ബില്ലിൽ ചില അപാകതകൾ കണ്ടതിനാൽ ആയത് കൂടി റെക്ടിഫൈ ചെയ്ത ശേഷമാണ് 2009, ജൂലൈയിൽ ബില്ല് ധനകാര്യ വിഭാഗത്തിലേക്ക് നൽകിയത്. മേൽ വിവരിച്ച കാരണങ്ങളാൽ സ്റ്റേഡിയം പോലുള്ള ബൃഹത് സംരംഭങ്ങളുടെ ബില്ല് തയ്യാറാക്കുന്നതിന് മുമ്പായി റിക്കവറീസ് സംബന്ധിച്ച് വ്യക്തമായ അഭിപ്രായം ലഭിച്ച് ഓഡിറ്റ് പരാമർശിച്ച തിരുത്തലുകൾ യഥാസമയം വരുത്തേണ്ടതിനാലാണ് താമസമുണ്ടായത് എന്നും സ്റ്റേഡിയത്തിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ മെ.ഹാരിസൺ മലയാളത്തിനെയാണ് എച്ച്.എസ്.സി.എൽ. ഏൽപ്പിച്ചിരുന്നത്. 1999-ൽ മെ.ഹാരിസൺ എച്ച്.എസ്.സി.എൽ.-ന് എതിരെ പേയ്മെന്റ് സംബന്ധിച്ച കേസ് ഫയൽ ചെയ്യുകയും ജി.സി.ഡി.എ.-യെ കക്ഷി ചേർക്കുകയുമുണ്ടായി. പ്രസ്തുത കേസ് നാളിതുവരെ സെറ്റിൽ ചെയ്യാത്തതിനാലാണ് അതോറിറ്റിക്ക് ഫൈനൽ ബിൽ സെറ്റിൽ ചെയ്യാനാവാത്തത്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.2.3 സ്റ്റേഡിയം നിർമ്മാണത്തിന്റെ ഫൈനൽ ബിൽ നാളിതുവരെ സെറ്റിൽ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

ഖണ്ഡിക നമ്പർ 91

ശിപാർശ

2.3.1 പണിതീർന്ന് ഉദ്ഘാടനവും കഴിഞ്ഞ് 13 വർഷം പിന്നിട്ടിട്ടും ഫൈനൽ ബിൽ സെറ്റിൽ ചെയ്യാത്തത് മനഃപൂർവ്വമാണെന്നും, കരാറുകാർക്ക് അധിക പേയ്മെന്റ് നടത്തിയിട്ടുണ്ടെന്നും അവസാന ബിൽ അംഗീകരിക്കാതെ ഇടക്കാല പെയ്മെന്റുകളായി കരാറുകാർക്ക് 5 കോടി രൂപയിലധികം 4/99 വരെ നൽകുകയും പിന്നീട് ഫയൽ നിദ്രാവസ്ഥയിലാക്കുകയും ചെയ്തത് ഈ വസ്തുത മറച്ചുപിടിക്കാനാണെന്നും സമിതി സംശയിക്കുന്നു, കരാറുകാരനിൽ നിന്നും ജി.സി.ഡി.എ. ക്ഷേമനിധി വിഹിതം, അധിക പേയ്മെന്റ് എന്നീയിനത്തിൽ തുക ഈടാക്കാനുണ്ടെന്നിരിക്കെ റീടെൻഷൻ തുകയായ ഒരു കോടി രൂപ വിട്ടു കൊടുത്തത് ന്യായീകരിക്കത്തക്ക നടപടിയല്ലെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.2 ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിന് വേണ്ടി ശില്പ വിദഗ്ദ്ധരായ മദ്രാസിലെ സി.ആർ. നാരായണ റാവു അസോസിയേറ്റ്സ് ആണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ബില്ലുകളിൽ ആർക്കിടെക്റ്റിന്റെ സർട്ടിഫിക്കേഷൻ വേണമെന്ന് 3-8-1998-ൽ നിഷ്കർഷിച്ചിട്ടുണ്ട്. virtual completion date finalise ചെയ്ത സാഹചര്യത്തിൽ ആർക്കിടെക്റ്റിന്റെ സർട്ടിഫിക്കേഷന്റെ പുറത്ത് 50% റിറ്റെൻഷൻ തുക നൽകാമെന്ന് 3-8-1998-ൽ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ആയതിൻ പ്രകാരം ആവശ്യമായ സാക്ഷ്യപ്പെടുത്തലിന് 7-8-1998-ന് ആർക്കിടെക്റ്റിന് കത്ത് നല്കുകയുണ്ടായിയെന്നും എന്നാൽ 9-5-2008-ൽ ഫൈനൽ ബില്ലിൽ തയ്യാറാക്കിയ റിക്കവറീസിൽ റിറ്റെൻഷൻ തുക ബില്ലിനോടൊപ്പം നൽകിയിട്ടില്ല എന്ന് അതോറിറ്റി അറിയിച്ചിരിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.3.3 ഫൈനൽ ബിൽ സെറ്റിൽമെന്റ് നടത്താനിരിക്കെ 9-5-2008-ൽ ഫൈനൽ ബില്ലിൽ തയ്യാറാക്കിയ റിക്കവറീസിൽ റിറ്റെൻഷൻ തുക ബില്ലിനോടൊപ്പം നൽകിയിട്ടില്ല എന്നതിന് അടിസ്ഥാനമായ രേഖകൾ ഹാജരാക്കിയില്ല.

**ശിപാർശ ഖണ്ഡിക 90, 91 എന്നിവയിന്മേലുള്ള തുടർശിപാർശ**

**2.3.4 സ്റ്റേഡിയം നിർമ്മാണത്തിന്റെ ഫൈനൽ ബിൽ സെറ്റിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 93

ശിപാർശ

2.4.1 സംസ്ഥാന വിജിലൻസ് വകുപ്പിന്റെയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും അന്വേഷണ റിപ്പോർട്ടുകൾ പ്രകാരം സീറ്റിംഗ് എലമെന്റുകളുടെ നിർമ്മാണത്തിലുണ്ടായ വ്യതിയാനത്തിനും, അധികചെലവിനും ശില്പവിദഗ്ദ്ധനാണ് ഉത്തരവാദിയെന്ന് കണ്ടെത്തിയിട്ടുണ്ട്. സീറ്റിംഗ് എലമെന്റുകളുടെ ഡിസൈനിൽ മാറ്റം വരുത്തിയതുമൂലമുണ്ടായ അധികച്ചെലവായ 19,73,664.83 രൂപ ശില്പവിദഗ്ധനിൽ നിന്നും ഈടാക്കണമെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ശിപാർശ സമിതി അംഗീകരിക്കുകയും ആയത് എത്രയും പെട്ടെന്ന് ഈടാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.4.2 സീറ്റിംഗ് എലമെന്റ് വ്യതിയാനം വരുത്തിയതിനാൽ ആയതിന്റെ നഷ്ടം ഈടാക്കുന്നതിന് അതോറിറ്റി ശില്പ വിദഗ്ദ്ധനായ മെ.സി.ആർ. നാരായണറാവുവിന് കത്ത് നൽകുകയും തുക അടക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കുമെന്ന് സൂചിപ്പിച്ച് കത്ത് നൽകുകയുണ്ടായി. മെ.സി.ആർ. നാരായണറാവു ബഹു. ഹൈക്കോടതിയിൽ WP(C) 31746/2011 കേസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. ടി കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ആയത് തീർപ്പാക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് അതോറിറ്റി അറിയിച്ചിരിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.4.3 സീറ്റിംഗ് എലമെന്റുകളുടെ ഡിസൈനിൽ മാറ്റം വരുത്തിയതുമൂലം ഉണ്ടായ അധികച്ചെലവ് ശില്പവിദഗ്ധനിൽ നിന്നും ഈടാക്കുന്നതിനെതിരെ മെ.സി.ആർ. നാരായണറാവു ഹൈക്കോടതിയിൽ WP(C)31746/2011 നമ്പർ കേസ് ഫയൽ ചെയ്തിരിക്കുന്നതായി കാണുന്നു.

**തുടർശിപാർശ**

**2.4.4 കേസിന്റെ വിധിക്കനുസരിച്ച് തുടർനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 94

ശിപാർശ

2.5.1 പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ റേറ്റിന് ബാധകമായിട്ടുള്ള ഇനങ്ങൾക്ക് മാത്രമാണ് ടെണ്ടർ എക്സസ് അനുവദനീയമായിട്ടുള്ളത്. കമ്പോള നിരക്കുകൾക്ക് ടെണ്ടർ എക്സസ് അനുവദനീയമല്ലെന്ന് കേരള പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറുടെ 1989-ലെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എക്സ്പാൻഷൻ ജോയിന്റുകളിൽ വാട്ടർപ്രൂഫിംഗ് നടത്തിയതിന് കമ്പോള നിരക്കോ ലാപ്സം തുകകളോ ആണ് അനുവദിച്ചതെന്നും 10 ലക്ഷം രൂപ അടങ്കൽ വന്ന മേല്പറഞ്ഞ വേലയ്ക്ക് 85% ടെണ്ടർ എക്സസ് അനുവദിച്ചതായി ആഡിറ്റ് ചൂണ്ടിക്കാണിച്ചിരിക്കുന്നു. ക്രമവിരുദ്ധമായി ഇപ്രകാരം ടെണ്ടർ എക്സസ് അനുവദിക്കുകവഴി 54,484 രൂപ ജി.സി.ഡി.എ.-ക്ക് നഷ്ടമുണ്ടായതിന് കാരണക്കാരായി ഓഡിറ്റ് കണ്ടെത്തിയ അന്നത്തെ ചീഫ് എഞ്ചിനീയർ ശ്രീ. എൻ.എസ്. സുധി, സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീമതി കെ. സരള എന്നിവരിൽ നിന്നും മേല്പറഞ്ഞ തുക ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.5.2 ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന മാർക്കറ്റ് റേറ്റും പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഈ ഇനങ്ങൾ അധിക ഇനങ്ങളല്ല. ടെണ്ടർ നൽകുന്നതിന് മുമ്പുള്ള യഥാർത്ഥ അടങ്കലിലെ ഇനങ്ങളാണ്. യഥാർത്ഥ അടങ്കലിലെ ഇനങ്ങൾക്ക് ടെണ്ടർ വ്യതിയാനങ്ങൾ ബാധകമാണ്. ആയതിനാൽ ടെണ്ടർ എക്സസ് കണക്കാക്കി ബിൽ തുക നിശ്ചയിച്ചത് പൊതുമരാമത്ത് വകുപ്പിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായാണ്. ഒറിജിനൽ എഗ്രിമെന്റിൽ ഉൾപ്പെടാത്ത അധിക ഇനങ്ങൾക്ക് കമ്പോള നിരക്ക് നൽകുമ്പോൾ മാത്രമാണ് കമ്പോള നിരക്കിലുള്ള സാധനങ്ങൾക്ക് ടെണ്ടർ വ്യതിയാനങ്ങൾ നൽകാതിരിക്കുന്നത് എന്നാണ് അതോറിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.5.3 PWD ചീഫ് എഞ്ചിനീയറുടെ (BCLW) 6-11-1992-ലെ 72167/89 നമ്പർ കത്ത് പ്രകാരം കമ്പോള നിരക്കിന് ടെണ്ടർ എക്സസ് അനുവദനീയമല്ല. എക്സ്പാൻഷൻ ജോയിന്റുകളിൽ വാട്ടർ പ്രൂഫിംഗ് എന്ന പ്രവൃത്തി ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അധിക ഇനങ്ങളല്ല എന്നും എഗ്രിമെന്റിൽ ഉൾപ്പെടാത്ത അധിക ഇനങ്ങൾക്ക് കമ്പോള നിരക്ക് നൽകുമ്പോൾ മാത്രമാണ് കമ്പോളനിരക്കിലുള്ള സാധനങ്ങൾക്ക് ടെണ്ടർ വ്യതിയാനങ്ങൾ നൽകാതിരിക്കുന്നതെന്നുമുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. 54,484 രൂപയുടെ നഷ്ടം ഈടാക്കിയിട്ടില്ല.

**തുടർ ശിപാർശ**

2.5.4 **ടെണ്ടർ എക്സസ് അനുവദിച്ചതിലുണ്ടായ നഷ്ടത്തുക ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 95

ശിപാർശ

2.6.1 പൈലുകളുടെ ബലവും ഉറപ്പും പരിശോധിക്കേണ്ടിയിരുന്നത് എച്ച്.എസ്. സി.എൽ. ആണെന്നിരിക്കെ ജി.സി.ഡി.എ. നേരിട്ട് ഇത് പരിശോധിക്കുന്നതിന് മറ്റൊരു ഏജൻസിയെ 53,000 രൂപ ചെലവുചെയ്ത് നിയോഗിച്ചത് അനാവശ്യമായിരുന്നുവെന്നും ഇപ്രകാരം നടത്തിയ ടെസ്റ്റിന്റെ റിസൾട്ട് പോലും വാങ്ങാതെ പണം നൽകിയത് ശരിയായ നടപടി അല്ലെന്നും, ഈ പ്രവൃത്തി ജി.സി.ഡി.എ. ചെയർമാന്റെ ഉത്തരവാദിത്വത്തിൽ ചെയ്തതാകയാൽ ഈ തുക അന്നത്തെ ചെയർമാൻ ശ്രീ. ജോസഫ് തോമസ് ഐ.പി.എസ്.-ൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 40 മീറ്റർ താഴ്ചയുള്ള 2071 പൈലുകൾ ഉൾപ്പെട്ട ഒരു മേജർ നിർമ്മാണ പദ്ധതിയിൽ നിർമ്മിക്കപ്പെട്ട പൈലുകളുടെ സ്വഭാവവും ബലവും പരിശോധിച്ച് തിട്ടപ്പെടുത്തേണ്ടിവരുമെന്ന് മനസ്സിലാക്കിക്കൊണ്ട് പരമ്പരാഗത രീതിയിൽ നിന്നും വ്യത്യസ്തമായി കമ്പ്യൂട്ടർവൽക്കരിച്ച് ഒരു നൂതന പരിശോധനാ രീതി പൈൽ ഡൈനാമിക്സ് ഇന്ത്യ എന്ന ഒരു സ്ഥാപനം ജി.സി.ഡി.എ. ചെയർമാന്റെ മുന്നിൽ പരിചയപ്പെടുത്തുകയും പ്രസ്തുത രീതിയുടെ ഗുണങ്ങളെക്കുറിച്ച് ടി സ്ഥാപനം ഹാജരാക്കിയ വിവിധ സ്ഥാപനങ്ങളുടെ സാക്ഷ്യപത്രങ്ങളുടെ വെളിച്ചത്തിൽ ചിന്തിച്ച്, പൈൽ നിർമ്മിക്കുന്ന കരാറുകാരൻ തന്നെ ചെയ്യുന്ന പരമ്പരാഗത പൈൽ ടെസ്റ്റിന് പുറമെ സ്വതന്ത്രമായ മറ്റൊരു ഏജൻസിയെക്കൊണ്ട്കൂടി പരിശോധിപ്പിക്കുന്നത് നന്നായിരിക്കും എന്ന് മനസ്സിലാക്കിക്കൊണ്ട് ചീഫ് എഞ്ചിനീയർ, ആർക്കിടെക്റ്റ് എഞ്ചിനീയറിംഗ് ഉപദേശകസമിതി, സെക്രട്ടറി എന്നിവരുമായി വിഷയം ചർച്ച ചെയ്യുകയും ചെയ്തു. ടി സ്ഥാപനത്തിന്റെ പ്രൊപ്പോസൽ പരിഗണിച്ച് കൊണ്ട് അവരെ ഒരു ഡെമോൺസ്ട്രേഷന് ക്ഷണിച്ചതിൻ പ്രകാരം ജി.സി.ഡി.എ. കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ ഡെമോൺസ്ട്രേഷനിലെ പെർഫോമൻസ് വിലയിരുത്തി ടി സ്ഥാപനത്തിന്റെ ക്വട്ടേഷനിലെ നിരക്കുകൾ നെഗോസിയേഷൻ വഴി കുറപ്പിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി 200 പൈലുകളിൽ ലോ-സ്ട്രെയിൻ ഇന്റഗ്രിറ്റി ടെസ്റ്റ് നടത്താനും 20 പൈലുകളിൽ ഹൈ-സ്ട്രെയിൽ ടെസ്റ്റ് നടത്തുവാനുമായി 6.5 ലക്ഷം രൂപക്കുള്ള പണികളുടെ വർക്ക് ഓർഡർ നൽകുകയും ചെയ്തു. ഈ കമ്പനിക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 34/94-95 നമ്പർ തീരുമാന പ്രകാരം ലഭിച്ചിട്ടുള്ളതാണ്. അതിൻപ്രകാരം

പ്രാഥമികമായി രണ്ട് പൈലുകളിൽ ലോ-സ്ട്രെയിൻ ഇന്റഗ്രിറ്റി ടെസ്റ്റ് നടത്തുകയും ഒരു പൈലിൽ ഹൈ-സ്ട്രെയിൻ ടെസ്റ്റ് നടത്തുകയും ചെയ്തു. ടെസ്റ്റ് ചെയ്ത പൈലുകളുടെ ടെസ്റ്റ് റിസൾട്ട് മോനിറ്ററിലെ സിഗ്നലിലൂടെ മനസ്സിലാക്കിയിട്ടുള്ളതും ഈ പൈലുകളുടെ ടെസ്റ്റ് റിസൾട്ട് പരമ്പരാഗത രീതിയിൽ ടെസ്റ്റ് ചെയ്ത മറ്റു പൈലുകളുടെ റിസൾട്ടുമായി ഒത്തു ചേരുന്നതാണെന്നും ആകയാൽ ഈ ടെസ്റ്റ് മുഖേന, ടെസ്റ്റ് ചെയ്ത പൈലുകളുടെ ഇന്റഗ്രിറ്റി മനസ്സിലാക്കാൻ സാധിച്ചതുവഴി ജി.സി.ഡി.എ.-ക്ക് നേട്ടമുണ്ടായിട്ടുണ്ട്. മൂന്ന് പൈലുകളിൽ ടെസ്റ്റ് നടത്തിയെങ്കിലും 1994 ജൂൺമാസത്തിൽ വർക്ക് ഓർഡർ നല്കിയിട്ടും സെപ്റ്റംബർ അവസാന വാരത്തിൽ പോലും എഗ്രിമെന്റ് വച്ച് വേല തുടരുവാൻ ശ്രമിക്കാതിരുന്ന സാഹചര്യത്തിലും ഈ കാലയളവുകളിൽ പൈലുകളുടെ നിർമ്മാണം ടെസ്റ്റുകൾ ഉൾപ്പെടെ ഏകദേശം തീരാറായ വർക്കുകൾ പൈൽ ക്യാപ്, പ്ലിന്ത് ബീം എന്നിവയുടെ പണികൾ മുടക്കമില്ലാതെ നടത്തിക്കൊണ്ടിരുന്നതിനാലും, വൈകിയ വേളയിൽ ഇനിയും പ്രസ്തുത ടെസ്റ്റുകൾ നടത്തേണ്ടതില്ലായെന്നും ചെയ്ത പണികൾക്ക് പ്രതിഫലം നൽകി കൊണ്ട് ടി സ്ഥാപനത്തെ ഈ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുന്നതിന് തീരുമാനിക്കുകയുമാണുണ്ടായത്. ചെയ്ത പൈൽ ടെസ്റ്റുകളുടെ ചാർജ്ജായ 18,000 രൂപയും മൊബിലൈസേഷൻ ചാർജ്ജിനത്തിൽ 35,000 രൂപയും ചേർത്ത് 53,000 രൂപയാണ് നൽകിയിട്ടുള്ളത്. മൊബിലൈസേഷൻ ചാർജ്ജ് ചീഫ് എഞ്ചിനീയർ വിലയിരുത്തി ന്യായീകരിച്ചിട്ടുണ്ട്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.6.3 2071 പൈലുകൾ ഉൾപ്പെട്ട ഒരു നിർമ്മാണ പ്രവൃത്തിയിൽ പൈലുകളുടെ സ്വഭാവവും ബലവും പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിന് പരമ്പരാഗത മാർഗ്ഗത്തിന് പുറമെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചു എന്നാണ് മറുപടി ഹാജരാക്കിയിരിക്കുന്നത്. എന്നാൽ 200 പൈലുകളിൽ Low Strain Integrity Test ഉം 20 എണ്ണത്തിൽ High Strain Test-ഉം നടത്തുവാൻ നിശ്ചയിച്ചിട്ട് കുറവ് എണ്ണത്തിൽ മാത്രം നടത്തിയതും, ഏജൻസി കരാർ വെച്ച് വേല നടത്തിയിട്ടില്ല എന്നതും ജി.സി.ഡി.എ.-യുടെ വീഴ്ചയാണ്. സമിതി ശിപാർശ പ്രകാരമുള്ള 53,000 രൂപ ഈടാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.6.4 നഷ്ടോത്തരവാദിയിൽ നിന്നും തുക ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 99</u>

<u>ശിപാർശ</u>

2.7.1 ഈ പദ്ധതിക്കായി ജി.സി.ഡി.എ. ചെലവഴിച്ച മൊത്തം തുക സംബന്ധിച്ചും ഇതുവരെയും കണക്കാക്കിയിട്ടില്ല. ജി.സി.ഡി.എ. ജല അതോറിറ്റിയിൽ നിന്നും ഏറ്റെടുത്ത സ്ഥലത്തിന്റെ വില, സ്റ്റേഡിയത്തിനായി പൊന്നും വിലയ്ക്ക് അധികമായി ഏറ്റെടുത്ത

സ്ഥലവില, ശില്പവിദഗ്ദ്ധനൽപ്പെടെ സ്റ്റേഡിയം നിർമ്മാണത്തിനായി ചെലവഴിച്ച മൊത്തം തുക, ജല അതോറിറ്റിക്ക് പകരം നൽകിയ ഭൂമിയുടെ വില, അവർക്കായി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ്, ബാങ്ക് പലിശ, ഡിബഞ്ചറുകൾക്ക് നൽകേണ്ടിവന്ന പലിശ, തുടങ്ങിയ സ്റ്റേഡിയവുമായി ബന്ധപ്പെട്ട എല്ലാ പണികളുടേയും ആകെ ചെലവ് കണക്കാക്കിയാൽ മാത്രമേ സ്റ്റേഡിയത്തിന്റെ മൊത്തം ബാദ്ധ്യത തിട്ടപ്പെടുത്താനാകൂ. മേൽപ്പറഞ്ഞ എല്ലാ ചെലവുകളും തിട്ടപ്പെടുത്തേണ്ടത് ആവശ്യമാണ്. ആയതിനാൽ ജവഹർലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച് സമഗ്രമായ അന്വേഷണം സർക്കാർ തലത്തിൽ നടത്തിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.7.2 കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഏറ്റെടുത്ത പാലാരിവട്ടത്തെ 20 ഏക്കർ ഭൂമിക്ക് പകരം തുല്യവിസ്തീർണ്ണമുള്ള ഭൂമി മരടിൽ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളതാണ്. രണ്ട് ഭൂമിയുടെയും വിലയിലുള്ള വ്യത്യാസം സംബന്ധിച്ച് ജി.സി.ഡി.എ.-യും കേരള വാട്ടർ അതോറിറ്റിയുമായി തർക്കം നിലനിൽക്കുന്നുണ്ട്.

2.7.3 ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട 30 കോടി രൂപ G.O.(MS) No. 30/94/LAR തീയതി 11-2-1994 പ്രകാരം മെസ്സേഴ്സ്. സിൻഡിക്കേറ്റ് ബാങ്കിൽ നിന്നും ഡിബഞ്ചർ ലോൺ എടുത്തിട്ടുള്ളതും ആയതിന്റെ പലിശയിനത്തിൽ 31-12-2004 വരെ 24,04,80,437 രൂപ അതോറിറ്റി അടവാക്കിയിട്ടുള്ളതുമാണ്. ശില്പ വിദഗ്ദ്ധനൽപ്പെടെ സ്റ്റേഡിയം നിർമ്മാണത്തിനായി ചെലവഴിച്ച മൊത്തം തുക 63,42,13,863 രൂപയാണ്. പൊന്നുംവില നടപടി പ്രകാരം ഏറ്റെടുത്ത സ്ഥലത്തിനായി ആകെ 37,06,601 രൂപ ചെലവായിട്ടുള്ളതാണ്. കൂടാതെ സ്റ്റേഡിയം നിർമ്മാണത്തിന് ഏറ്റെടുത്ത സ്ഥലം സംബന്ധിച്ച് 8 എൽ.എ.ആർ. കേസുകൾ ഉള്ളതിന് ആകെ 28,46,837 രൂപ ചെലവായിട്ടുള്ളതാണെന്ന് അറിയിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.7.4 സ്റ്റേഡിയവുമായി ബന്ധപ്പെട്ട 30 കോടി രൂപ ഡിബഞ്ചർ ലോൺ എടുത്തതിന്റെയും, ആയതിന്റെ പലിശ ഇനത്തിൽ 31-12-2004 വരെ 24,04,80,437 രൂപ അടവാക്കിയതായും സ്റ്റേഡിയം നിർമ്മാണത്തിന്റെ ആകെ ചെലവ്, സ്ഥലമേറ്റെടുപ്പിന്റെ ചെലവ് എന്നിവ ജി.സി.ഡി.എ. വിവരിക്കുന്നുവെങ്കിലും, സമിതിയുടെ നിർദ്ദേശപ്രകാരം ജി.സി.ഡി.എ. ഈ പദ്ധതിക്കായി ചെലവഴിച്ച മൊത്തം തുക കണക്കാക്കി ബോധിപ്പിച്ചിട്ടില്ല. സമിതിയുടെ നിർദ്ദേശാനുസരണം, ഈയിനത്തിലെ ആകെ വരവും ആകെ ചെലവും തിട്ടപ്പെടുത്തി വ്യക്തമായ കണക്ക് തയ്യാറാക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച സമഗ്ര അന്വേഷണത്തിന് സമിതി ശിപാർശ ചെയ്തത് നടപ്പാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.7.5 ജി.സി.ഡി.എ. പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച ആകെ തുക കണക്കാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ഈ വിഷയം സംബന്ധിച്ച സമഗ്ര അന്വേഷണം നടത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം III

സർക്കാരിൽ നിന്നുള്ള മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

ഖണ്ഡിക നമ്പർ 88

ശിപാർശ

3.1 1993 ഫെബ്രുവരി 14-ാം തീയതി സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരം താത്ക്കാലികമായി നിർമ്മിച്ച സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യവേ അന്നത്തെ മുഖ്യമന്ത്രി കൊച്ചി നഗരത്തിന് നൽകിയ വാഗ്ദാനമായിരുന്നു അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം എന്നത്. എന്നാൽ സ്റ്റേഡിയം ആര്, എവിടെ നിർമ്മിക്കും എന്നത് സംബന്ധിച്ച് നയപരമായ തീരുമാനം സർക്കാർ കൈകൊള്ളുന്നതിനുമുമ്പുതന്നെ പദ്ധതി പ്രഖ്യാപനം വന്ന് 13 ദിവസത്തിനുള്ളിൽ അതായത് 27-2-1993-ൽ തങ്ങൾ നിർവ്വഹിച്ചുകൊള്ളാം എന്ന തീരുമാനം ജി.സി.ഡി.എ. കൗൺസിൽ കൈക്കൊണ്ടത് ഇത്രയും ഭീമമായ ഒരു നിർമ്മാണ പ്രവൃത്തി ഏറ്റെടുത്താൽ അതോറിറ്റിക്കുണ്ടാകുന്ന ബാദ്ധ്യത വേണ്ടത്ര മനസ്സിലാക്കാതെയാണെന്ന് സമിതി വിലയിരുത്തുന്നു. വളരെയധികം സാമ്പത്തിക ബാദ്ധ്യതയുള്ളതും അതിലേറെ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യവുമായിരുന്ന ഒരു പദ്ധതി സാമ്പത്തിക പരിമിതിയോ സാങ്കേതിക പരിജ്ഞാനക്കുറവോ പരിഗണിക്കാതെ ഏറ്റെടുത്തുനടത്തുകമൂലം ജി.സി.ഡി.എ. കടക്കെണിയിൽ അകപ്പെടുകയും സാങ്കേതിക പരിചയക്കുറവ് പ്രകടമാകത്തക്കവണ്ണം നിർമ്മാണ പ്രവൃത്തികളിൽ ഉടനീളം അപാകതകളും വൈകല്യങ്ങളും ഉണ്ടാവുകയും ചെയ്തു. സ്റ്റേഡിയം നിർമ്മാണത്തിന്റെ ആദ്യഘട്ടങ്ങളിൽ പരിശോധിച്ചാൽ ജി.സി.ഡി.എ. ഈ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിൽ അനാവശ്യധൃതിയും അമിതാവേശവും കാണിച്ചതായി മനസ്സിലാകും.

(1) 14-2-1993-ൽ നടത്തിയ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ 27-2-1993-ൽ തന്നെ അതായത് 13 ദിവസങ്ങൾക്കുള്ളിൽ തന്നെ ഈ പദ്ധതി ഏറ്റെടുത്ത് നടത്തണമെന്ന്

ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനം കൈക്കൊള്ളുന്നു. പദ്ധതിപ്രകാരം എവിടെ, ആരുടെ നേതൃത്വത്തിൽ നടപ്പാക്കണമെന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം എടുക്കുന്നതിനുമുമ്പുതന്നെ ദ്രുതഗതിയിൽ കൗൺസിൽ തീരുമാനം എടുക്കുകയാണുണ്ടായത്. ഈ തീരുമാനം 6-3-1993-ൽ ചേർന്ന ജനറൽ കൗൺസിൽ യോഗം അംഗീകരിച്ചു. സ്റ്റേഡിയം പണിയുടെ മുഴുവൻ ചുമതലയും ജി.സി.ഡി.എ. ചെയർമാനെ ജനറൽ കൗൺസിൽ ഏൽപ്പിക്കുകയും ചെയ്തു.

(2) സ്റ്റേഡിയം നിർമ്മാണത്തിന് ആവശ്യത്തിന് വിസ്തീർണ്ണമുണ്ടോ, ഭൂമി അനുയോജ്യമാണോ എന്നീ വസ്തുതകൾ പരിശോധിക്കാതെ, ഭൂമി ഏറ്റെടുക്കുമ്പോൾ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ പാലിക്കാതെ, സ്ഥലവില നിർണ്ണയം നടത്താതെ ധൃതിപിടിച്ച് ജലഅതോറിറ്റിയുടെ കലൂരിലുള്ള 24 ഏക്കർ ഭൂമി ഏറ്റെടുക്കുന്നു. ഭൂമി ഏറ്റെടുത്തശേഷം ആ സ്ഥലത്തിന് ആവശ്യത്തിന് വിസ്തീർണ്ണമില്ല എന്നുകണ്ടതിനാൽ സമീപപ്രദേശത്തെ 19 ഏക്കർ ഭൂമി കൂടെ ഏറ്റെടുക്കുന്നതിന് 13-5-1993-ലെ ഉത്തരവുപ്രകാരം തീരുമാനിക്കുന്നു. ഭൂമിയുടെ പ്രകൃതിയെ സംബന്ധിച്ച് ജി.സി.ഡി.എ.-യുടെ വിശദീകരണം ഇപ്രകാരമാണ്. ചെളിക്കുണ്ടായി വെള്ളം കെട്ടിക്കിടന്നിരുന്ന പ്രദേശമാണ് ഈ പദ്ധതി പ്രദേശത്തെ കൂടുതൽ ഭാഗവും. ഈ ചെളിക്കുണ്ടിലൂടെ പൈലിംഗിന്റെ വിശദാംശങ്ങൾ മനസ്സിലാക്കുവാൻ ഉദ്യോഗസ്ഥൻ ജെ.സി.ബി.യുടെ ബക്കറ്റിൽ കയറിയാണ് പോയിരുന്നത്. ഈ വിശദീകരണത്തിൽ നിന്നുതന്നെ പദ്ധതി പ്രദേശത്തിന്റെ ഏകദേശരൂപം ലഭിക്കുന്നതാണ്.

(3) ഈ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് ജി.സി.ഡി.എ.-യ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമല്ലായിരുന്നു. സാമ്പത്തികശേഷി ഉണ്ടെന്ന് കാണിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ടിൽ കാണിച്ചിരുന്ന ധനാഗമമാർഗ്ഗങ്ങൾ അയഥാർത്ഥ്യവും പെരുപ്പിച്ചു കാണിക്കപ്പെട്ടവയുമാണ്. പ്രോജക്ട് റിപ്പോർട്ടിൽ കാണിച്ചിരുന്ന പല വരുമാനവും ലഭിക്കുകയുണ്ടായില്ല.

(4) ശില്പ വിദഗ്ദനെ തെരഞ്ഞെടുത്തതും കരാറുകാരനെ തെരഞ്ഞെടുത്തതും ആരുടെയൊക്കെയോ താല്പര്യമനുസരിച്ചായിരുന്നുയെന്ന് രേഖകൾ പരിശോധിച്ചാൽ വ്യക്തമാകും

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.1.1 ഇത്രയും ഭീമമായ തുക ചെലവാക്കി ഒരു ബൃഹത്തായ പദ്ധതി നടപ്പാക്കിയെങ്കിലും വളരെ കുറച്ച് വരുമാനമേ ലഭ്യമാകുന്നുള്ളൂവെന്നതിനാൽ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നത് സ്വാഭാവികമാണ്. എന്നിരുന്നാലും കേരളത്തെ സംബന്ധിച്ചിടത്തോളം അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയം നിലവിൽ വന്നത് സ്വാഗതാർഹമാണ്.

<u>സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.1.2 ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം പോലെ ബൃഹത്തായ ഒരു പദ്ധതി ഏറ്റെടുത്താൽ അതോറിറ്റിക്കുണ്ടാകുന്ന ബാദ്ധ്യത മനസ്സിലാക്കാതെയും സർക്കാർ തലത്തിൽ തീരുമാനം ഏറ്റെടുക്കുന്നതിന് മുമ്പുതന്നെ ദ്രുതഗതിയിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് കൗൺസിൽ തീരുമാനം എടുത്തെന്നും സമിതി ചൂണ്ടിക്കാട്ടിയിരുന്നു. സ്റ്റേഡിയം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം കൈവശമുണ്ടോ എന്ന് പോലും തിട്ടമില്ലാതെയും, ആവശ്യമായ സാമ്പത്തിക ശേഷിയില്ലാതെയുമാണ് പദ്ധതി നടപ്പാക്കിയത് എന്നും, പദ്ധതി നടത്തിപ്പിനായി ശില്പവിദഗ്ദ്ധനെ തെരഞ്ഞെടുത്തതിലുള്ളവയ്ക്കും ജി.സി.ഡി.എ. വ്യക്തമായ മറുപടി ഹാജരാക്കിയിട്ടില്ല.

<u>ഖണ്ഡിക നമ്പർ 89</u>

<u>ശിപാർശ</u>

3.2 പദ്ധതി പ്രദേശം വെള്ളക്കെട്ടുള്ള ചതുപ്പു നിലമായിരുന്നു എന്ന വസ്തുത ജി.സി.ഡി.എ. തന്നെ അംഗീകരിച്ച വസ്തുതയാണ്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ശില്പവിദഗ്ദ്ധൻ ഈ വസ്തുത കണക്കിലെടുക്കാതിരുന്നതിന്റെ അനന്തര ഫലമാണ് ഗ്രൗണ്ട് ലെവൽ എസ്റ്റിമേറ്റിൽ കാണിച്ചിരുന്നതിനെക്കാൾ 1 മീറ്റർ കൂടുതലായി ഉയർത്തേണ്ടിവന്നത്. സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയ്ക്കും അംഗീകാരത്തിനും എസ്റ്റിമേറ്റ് നൽകിയിരുന്നുവെങ്കിൽ ഇക്കാര്യം അവർതന്നെ ചൂണ്ടിക്കാണിക്കുകയും നിർമ്മാണ പ്രവർത്തനത്തിനിടെ അധികച്ചെലവ് ഉണ്ടാകാതെയും അധികവേല ഉണ്ടാകാതെയും എസ്റ്റിമേറ്റിൽ വേണ്ടതായ മാറ്റങ്ങൾ അവർ നിർദ്ദേശിക്കുമായിരുന്നുവെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ഇപ്രകാരം 1 മീറ്റർ ഗ്രൗണ്ട് ലെവൽ ഉയർത്തിയതുമൂലമാണ് മണ്ണുനിറച്ച് ഉരുട്ടി ഉറപ്പിച്ച സ്ഥലം പിന്നീട് കുഴിച്ചുമാറ്റേണ്ടതായി വന്നതും ഇതിനായി 12,58,376 രൂപ അധികമായി ചെലവായതും. ഗ്രൗണ്ട് ലെവൽ ഉയർത്തിയതുമൂലം വാനം തീർക്കൽ, കളിസ്ഥലത്ത് മണ്ണുനിറച്ചത്, പ്ലിൻത് ബീമിന്റെ സെക്ഷന് നീളം കൂട്ടൽ, എല്ലാ ക്രോസ്ഹോളുകൾക്കും പ്ലിൻത് ബീം നൽകിയത് എന്നീ പ്രവൃത്തികളെല്ലാം തന്നെ ചെയ്യേണ്ടിവന്നതും അതിനായി 19,51,073 രൂപ അധികമായി ചെലവാക്കേണ്ടിവന്നതും. സ്ട്രക്ചറൽ ഡിസൈനിൽ തന്നെ മാറ്റം വരുത്തേണ്ടതായ ഒരു സ്ഥിതിവിശേഷം സംജാതമായത് ശില്പവിദഗ്ദ്ധന്റെ പിഴവുമൂലവും സാങ്കേതിക പരിശോധനയുടെ അഭാവവുമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ രണ്ട് പ്രവൃത്തികളിലും ഉണ്ടായിട്ടുള്ള യഥാക്രമം 12,58,367 രൂപയുടെയും 19,51,073 രൂപയുടെയും അധികചെലവിന് ശില്പവിദഗ്ദ്ധനായ നാരായണ റാവു & അസോസിയേറ്റ്സിന്റെയും ചീഫ് എഞ്ചിനീയർ ആയിരുന്ന ശ്രീ. എൻ. എസ്. സുധിയുടെയും പങ്ക് അന്വേഷണവിധേയമാക്കേണ്ടതും ബാദ്ധ്യത ചുമത്തേണ്ടതുമാണെന്ന് സമിതി കരുതുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.1 ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ഒരു ബൃഹത് സംരംഭമായിരുന്നു. പ്രവൃത്തി നടക്കുന്ന വേളയിൽ തോരാതെയുള്ള കാലവർഷമായതിനാൽ പ്രവൃത്തികൾ വേണ്ടവിധം മുന്നോട്ട് കൊണ്ടുപോകുന്നതിന് പലവിധ ബുദ്ധിമുട്ടുകളും ഉണ്ടായിട്ടുള്ളതാണ്. സ്റ്റേഡിയം പണിയാനുദ്ദേശിച്ചിരുന്ന സ്ഥലത്തിന്റെ നിരപ്പ് ഇപ്പോഴുള്ളതിനേക്കാൾ 1 മീറ്റർ താഴെയായിട്ടായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ പിന്നീട് പൈൽ ക്യാപ്പ് നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് തന്നെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും നിലവിലുള്ള റോഡിന്റെ നിരപ്പിനേക്കാൾ പദ്ധതി പ്രദേശം ഉയർന്ന് നിൽക്കേണ്ടത് അനിവാര്യമായതിനാലും, പ്രവൃത്തിയുടെ വേഗം കുറക്കാതെ മെറ്റീരിയൽസ് & ലേബർ ട്രാൻസ്പോർട്ടേഷൻ സാധ്യമാകുന്നതിനായും, ശില്പ വിദഗ്ധന്റെ നിർദ്ദേശ പ്രകാരം പദ്ധതി പ്രദേശം 1 മീറ്റർ കൂടി ഗ്രാവൽ ഉപയോഗിച്ച് ഉയർത്തുകയായിരുന്നു. 1995-ലെ ജവഹർലാൽ നെഹ്റു വേൾഡ് കപ്പ് ടൂർണ്ണമെന്റ് സ്റ്റേഡിയത്തിൽ നടക്കേണ്ടതിനാൽ കുറഞ്ഞ ഭൗതിക സൗകര്യങ്ങളോട് കൂടി സ്റ്റേഡിയം പ്രവൃത്തി 1995 ജനുവരിക്ക് മുൻപായി പൂർത്തീകരിക്കണമെന്ന് അതോറിറ്റി തീരുമാനിച്ചിട്ടുള്ളതായിരുന്നു.

3.2.2 പദ്ധതി പ്രദേശം വെള്ളക്കെട്ടുള്ള ചതുപ്പുനിലമായാലും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്. പല സ്ഥലങ്ങളിലും ഇപ്രകാരം പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. ജി.സി.ഡി.എ. നിർമ്മിച്ച ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിന്റെ കാര്യത്തിൽ ചതുപ്പു നിലമെന്ന കാര്യം കണക്കിലെടുക്കാതെ ഡിസൈൻ ചെയ്തതുകൊണ്ടാണ് ഗ്രൗണ്ട് ലെവൽ ഒരു മീറ്റർ ഉയർത്തേണ്ടിവന്നതെന്നാണ് ഓഡിറ്റിന്റെ പരാമർശം. എന്നാൽ സൈറ്റ് കണ്ടീഷൻ പ്രകാരം ഗ്രൗണ്ട് ലെവൽ ഉയർത്തുന്നത് അനിവാര്യമായാൽ ആയവ ചെയ്യാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.2.3 പദ്ധതി പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുക്കാതെയും സാങ്കേതിക പരിശോധനക്ക് വിധേയമാക്കാതെയും പദ്ധതി നടപ്പാക്കുക വഴി സ്ട്രക്ച്ചറൽ ഡിസൈനിൽ തന്നെ മാറ്റം വരുത്തേണ്ടി വന്നതുമൂലം അധികച്ചെലവ് വന്ന 12,58,367 രൂപ, 19,51,073 രൂപ എന്നിവ യഥാക്രമം ശില്പവിദഗ്ധന്റെയും ചീഫ് എഞ്ചിനീയറുടെയും ബാദ്ധ്യതയായി സമിതി നിർണ്ണയിച്ചിരുന്നു. മാത്രമല്ല, ടി വ്യക്തിയുടെ പങ്ക് അന്വേഷണവിധേയമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. സൈറ്റ് കണ്ടീഷൻ പ്രകാരം ഗ്രൗണ്ട് ലെവൽ ഉയർത്തുന്നത് അനിവാര്യമാകയാൽ ആയവ ചെയ്യാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു

എന്നാണ് ജി.സി.ഡി.എ.-യുടെ മറുപടി. വെള്ളക്കെട്ടുള്ള ചതുപ്പു നിലത്ത് ഈ ബൃഹദ് പദ്ധതി വിഭാവനം ചെയ്തപ്പോൾത്തന്നെ, പ്രാഥമികമായി സൈറ്റ് കണ്ടീഷൻ വിലയിരുത്തിയിരുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്. ആയതിനാൽ സമിതി നിർദ്ദേശപ്രകാരമുള്ള ബാദ്ധ്യത ഈടാക്കേണ്ടതുണ്ട്.

## ഖണ്ഡിക നമ്പർ 92

## ശിപാർശ

3.3 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണച്ചെലവിനായി കരാറിൽ കാണിച്ചിരുന്ന ലംപ്സം തുക യഥാർത്ഥത്തിൽ ആവശ്യമായിരുന്നതിനേക്കാൾ ഇരട്ടിയാണെന്നും, ഈ പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലെന്നും ഇത് സംബന്ധിച്ച് യാതൊരുവിധ ഇവാല്വേഷനും ഇതുവരെ നടത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കി. സ്വീവേജ് പ്ലാന്റ് നിർമ്മാണത്തിൽ നൈപുണ്യമുള്ളത് ജല അതോറിറ്റിക്കാകയാൽ അവരെക്കൊണ്ട് ഇവാല്യുവേഷൻ നടത്തി അധികമായി കരാറുകാരന് നൽകിയ തുക ഇതിനുത്തരവാദികളായവരിൽ നിന്ന് ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.3.1 കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലെ ടെണ്ടർ ഷെഡ്യൂളിൽ സ്റ്റേഡിയത്തിലേക്കാവശ്യമായ മലിനജല സംസ്കരണ പ്ലാന്റിന്റെ ജോലികൾക്ക് കരാറുകാർ തന്നെ സിസ്റ്റം രൂപകൽപ്പന ചെയ്ത് സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. ഈ സിസ്റ്റത്തിൽ ഉൾപ്പെട്ട സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പണികൾക്ക് ഓരോ വിഭാഗത്തിനും എത്ര തുക വേണ്ടി വരുമെന്ന് ടെണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതായിരുന്നു. ഇതനുസരിച്ച് എഗ്രിമെന്റിലും ഈ ഇനം ജോലികൾക്ക് ഓരോന്നിനും മൊത്തമായിട്ടാണ് റേറ്റ് ഉൾപ്പെടുത്തിയിരുന്നത്. ആയതിനാലാണ് ഈ പണികളുടെ ബില്ലിലും ഓരോ ഇനത്തിനും മൊത്തമായി തുക രേഖപ്പെടുത്തിയിരുന്നത്. മലിനജല സംസ്കരണ പ്ലാന്റ് രൂപ കൽപന ചെയ്ത് കരാറുകാരൻ ആർക്കിടെക്റ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയും ആർക്കിടെക്റ്റ് നിർദ്ദേശിച്ച പ്രകാരമുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് സമർപ്പിച്ച ഡിസൈൻ, ആർക്കിടെക്റ്റ് പരിശോധിച്ച് അംഗീകരിച്ചതുമാണ്. ഇതിലുൾപ്പെട്ട ടാങ്കുകളുടേയും മറ്റും ഫൗണ്ടേഷൻ ഡിസൈൻ, ഐ.ഐ.റ്റി. ചെന്നൈ സ്ഥാപനത്തിന്റെ പരിശോധനയ്ക്ക് ശേഷമുള്ള ശിപാർശയോടുകൂടിയാണ് ആർക്കിടെക്റ്റ് അംഗീകരിച്ചിരുന്നത്. ഇതിനുശേഷം ഈ സിസ്റ്റം കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചു. ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 14-7-2011-ൽ ചീഫ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിക്ക് കത്ത്

നൽകിയിരുന്നതുമാണ്. കേരള വാട്ടർ അതോറിറ്റി അടുത്തെങ്ങും മലിനജല സംസ്കരണ പ്ലാന്റിന്റെ പ്രവൃത്തി ചെയ്തിട്ടില്ല എന്ന് അറിയിക്കുകയുണ്ടായി. ഈ സിസ്റ്റം കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയുണ്ടായി. സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ് 27-5-1995-ലെ പി.സി.സി./സി.എച്ച്.എൻ./എ.ഇ./100/95 പ്രകാരം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്ലാനും/സ്കീമും പരിശോധിച്ചതിൽ അവ ആവശ്യത്തിന് അനുസൃതമാണ് എന്ന് അറിയിക്കുകയും അതിനുശേഷം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എറണാകുളം 19-11-1997-ലെ ടി-1/2768/96/ഇ.ഐ.ഇ. ഉത്തരവ് പ്രകാരം പ്ലാന്റ് പ്രവർത്തിക്കുവാനുള്ള അനുവാദം നൽകി. ഇതനുസരിച്ച് ഈ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പൂർണ്ണമായി പ്രവർത്തനസജ്ജമാക്കി തൃപ്തികരമായി പ്രവർത്തിച്ചു തുടങ്ങി. മേൽ വിവരിച്ച കാരണങ്ങളാൽ കേരള വാട്ടർ അതോറിറ്റി മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവൃത്തി ചെയ്ത് പരിചയമില്ലാത്തതിനാൽ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് എന്നിവരുടെ അംഗീകാരത്തോടെ ടി പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.3.2 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം കരാർ പ്രകാരം നിർവ്വഹിച്ചത് I.I.T. Chennai-യുടെ പരിശോധനയുടെ അടിസ്ഥാനത്തിലും, കേരള പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയുടെ അംഗീകാരത്തോടെയും ആണ് എന്ന് ജി.സി.ഡി.എ. മറുപടി നൽകി. ടി പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമാണെന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 96, 97</u>

<u>ശിപാർശ</u>

3.4 സ്റ്റേഡിയം നിർമ്മാണത്തിനായി കോൺട്രാക്ടറെ തെരഞ്ഞെടുത്തതിലും പാകപ്പിഴകൾ ഉണ്ടായതായി കാണാൻ സാധിക്കും. ടെൻഡർ സമർപ്പിച്ചിരുന്ന എൽ.&ടി., എച്ച്.എസ്.സി.എൻ. തുടങ്ങിയവരിൽ സ്റ്റേഡിയം നിർമ്മാണരംഗത്ത് പരിചയവും സാങ്കേതിക വൈദഗ്ദ്ധ്യവും ഉണ്ടായിരുന്ന എൽ.&ടി.-ക്ക് കരാർ നൽകിയിരുന്നെങ്കിൽ ശില്പ വിദഗ്ദ്ധനെ നിയമിക്കേണ്ടി വരുമായിരുന്നില്ല, കൂടാതെ ഇപ്പോഴത്തേതിലും മികവോടെയും ഏകദേശം 6 കോടിയിൽപരം രൂപയുടെ ലാഭത്തോടെയും പ്രോജക്ട് നടപ്പാക്കുവാൻ സാധിക്കുമായിരുന്നുവെന്ന് തെളിവെടുപ്പ് വേളയിൽ സമിതിയിൽ വെളിവാക്കപ്പെട്ടു. എൽ.&ടി.-യുമായും ചർച്ചകൾ നടത്തണമെന്ന എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശിപാർശ മറികടന്നാണ് എച്ച്.എസ്.സി.എൽ.-ന് കരാർ

നൽകിയിട്ടുള്ളത്. ജി.സി.ഡി.എ. നിരത്തിയ കാരണങ്ങൾ എന്തുതന്നെയായാലും സ്റ്റേഡിയം നിർമ്മാണത്തിനായി കേന്ദ്രസർക്കാരിൽ നിന്നും യാതൊരുവിധ സാമ്പത്തിക സഹായവും ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ എച്ച്.എസ്.സി.എൽ.-ന് കരാർ കൊടുക്കുന്നതാണ് സുരക്ഷിതമെന്ന ജി.സി.ഡി.എ.-യുടെ വാദഗതിയിൽ സമിതിക്ക് സംശയമുണ്ട്. എൽ. & ടി.-യുമായും ഇതേ പോലെ ചർച്ച നടത്തിയിരുന്നശേഷമായിരുന്നു എച്ച്.എസ്.സി.എൽ.-ന് നൽകിയതെങ്കിൽ കുറെക്കൂടി വിശ്വാസ്യത ഉണ്ടാകുമായിരുന്നു എന്നും സമിതി ചൂണ്ടിക്കാട്ടുന്നു.

<u>ശിപാർശ</u>

3.4.1 സ്റ്റേഡിയം നിർമ്മാണം എച്ച്.എസ്.സി.എൽ.-ന് നൽകുന്നതിനുവേണ്ടി എച്ച്.എസ്.സി.എൽ. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണെന്നും ജി.സി.ഡി.എ. പോലുള്ള സർക്കാർ സ്ഥാപനത്തിന് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നിലവിലുള്ളതിനാൽ സ്വകാര്യ സ്ഥാപനത്തിന് ടെൻഡർ നൽകുന്നത് അഭികാമ്യമല്ലെന്നുമാണ് ചെയർമാൻ ബോർഡ് യോഗത്തിൽ വെളിപ്പെടുത്തിയത്. എന്നാൽ ടെണ്ടർ നൽകുന്ന കാര്യത്തിൽ കാണിച്ച ശുഷ്കാന്തി പദ്ധതി നടപ്പാക്കുന്നതിൽ ഒരു സർക്കാർ സ്ഥാപനം നടത്തേണ്ട അടിസ്ഥാനപരമായ നടപടി ചട്ടങ്ങൾ നഗ്നമായി ലംഘിച്ചതായിട്ടാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല. എച്ച്.എസ്.സി.എൽ.-ന്റെ പ്രവർത്തന ചരിത്രം, സാമ്പത്തിക ഭദ്രത എന്നിവ സംബന്ധിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രയോഗിക ജ്ഞാനമുള്ള എഞ്ചിനീയറിംഗ് കമ്മിറ്റി റിപ്പോർട്ടിനെപ്പോലും അവഗണിച്ചു കൊണ്ടാണ് സാങ്കേതിക നിർമ്മാണ മേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത ചെയർമാൻ തീരുമാനങ്ങൾ അടിച്ചേൽപ്പിച്ചത്. ഇത് പദവിയുടെ ദുരുപയോഗം മാത്രമല്ല തൻമൂലം സ്ഥാപനത്തിന് ഭീമമായ ബാദ്ധ്യതയും വരുത്തിതീർക്കുകയാണുണ്ടായത്.

<u>ശിപാർശ ഖണ്ഡിക 96,97 എന്നിവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 പ്രോജക്ട് വർക്കിൽ താത്പര്യമുള്ള എല്ലാ കരാറുകാർക്കും അവസരം നൽകുവാനും അതുവഴി ടെണ്ടറിന് കൂടുതൽ മത്സരസ്വഭാവമുണ്ടാക്കി ടെണ്ടർ തുക കുറക്കുന്നതിനും വേണ്ടിയാണ് പ്രീക്വാളിഫിക്കേഷൻ ഇല്ലാതെയും ടെണ്ടർ ക്ഷണിക്കാൻ അതോറിറ്റി തീരുമാനിച്ചത്. യൂണിടെക് നൽകിയ ടെണ്ടറിൽ നിരക്കുകൾ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തിയതിൽ വ്യതിയാനങ്ങൾ കണ്ടതിനാൽ, ടെണ്ടർ വ്യവസ്ഥകൾ അനുസരിച്ച് അക്ഷരത്തിൽ രേഖപ്പെടുത്തിയ തുക സ്വീകരിക്കുകയാണുണ്ടായത്. ആ തുകകൾ കൂട്ടുമ്പോൾ അവരുടെ തുക കൂടുതലാവുകയും അപ്രകാരം എച്ച്.എസ്.സി.എൽ. ക്വാട്ട് ചെയ്ത തുകയാണ് കുറഞ്ഞ നിരക്കായി കണ്ടത്. കേരള പൊതുമരാമത്ത് മാന്വൽ അനുസരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായിട്ടാണ് കൂടിയാലോചന

നടത്തേണ്ടത്. ടെണ്ടർ തുറന്നതിനു ശേഷം വ്യത്യസ്ത നിരക്കുകൾ ക്വാട്ട് ചെയ്ത കരാറുകാരെ ഒരുമിച്ച് കൂടിയാലോചനക്കു ക്ഷണിച്ചുകൊണ്ട് നിരക്കുകളിന്മേൽ മത്സരിപ്പിക്കുന്നത് ടെണ്ടറിന്റെ സ്വഭാവം തന്നെ മാറ്റിമറിക്കുകയും നിയമപരമായി നിലനിൽക്കാത്ത നടപടിയാവുകയും, നിയമപരമായ കേസുകൾക്ക് വഴിവെക്കുമെന്നുള്ളത് കൊണ്ട്, പൊതുമരാമത്ത് ചട്ടങ്ങളും ടെണ്ടർ ചട്ടങ്ങളും അനുസരിച്ച് പ്രവർത്തിപ്പിക്കാൻ അതോറിറ്റി നിർബന്ധിതമാവുകയാണുണ്ടായത്. മാത്രമല്ല എച്ച്.എസ്.സി.എൽ. ഒരു കേന്ദ്ര സർക്കാർ സ്ഥാപനമായത് കൊണ്ട് 10% പ്രൈസ് പ്രിഫറൻസിന് അവർ അർഹരുമായിരുന്നു. ഈ പ്രൈസ് ഡിഫറൻസിൽ ഉൾപ്പെടാതെ തന്നെ അവരുമായി കൂടിയാലോചന വഴി 4.75% റിബേറ്റ് സമ്മതിപ്പിക്കാനും സാധിച്ചിട്ടുണ്ട്. 10% പ്രൈസ് ഡിഫറൻസ് ബാധകമാക്കി കൊണ്ടുപോലും ടി കമ്പനിക്ക് കരാർ നൽകണമെന്ന് കാണിച്ച് കൊണ്ട് കേന്ദ്ര മന്ത്രാലയത്തിൽ നിന്നും ശിപാർശ കത്ത് ലഭിച്ചിരുന്നു. ജി.സി.ഡി.എ.-യും ഒരു സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമാകയാൽ കൃത്യ നിർവ്വഹണത്തിലും കണക്കുകളുടെ കൃത്യതയിലും സ്വകാര്യ സ്ഥാപനത്തേക്കാൾ മെച്ചപ്പെട്ടത് സർക്കാർ സ്ഥാപനമായിരിക്കും എന്നതിനാലും ഇതു മുഖേനയുള്ള ഏതു തരത്തിലുള്ള മെച്ചവും കൂടുതൽ അർഹിക്കുന്നത് സർക്കാർ സ്ഥാപനം തന്നെയാണെന്നുള്ള പരിഗണനയിലുമാണ് 23-2-1994-ൽ അന്നത്തെ കേരള മുഖ്യമന്ത്രി, ഫിനാൻസ് മന്ത്രി, സ്പോർട്സ് മന്ത്രി, പാർലമെന്റ്, നിയമസഭാംഗങ്ങൾ, മറ്റു വിദഗ്ധൻമാർ എന്നിവരടങ്ങുന്ന മാനേജ്മെന്റ് ബോർഡ് ടി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായുള്ള എച്ച്.എസ്.സി.എൽ.-ന്റെ ടെണ്ടർ അംഗീകരിക്കാൻ ജി.സി.ഡി.എ. തീരുമാനിക്കുകയായിരുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.4.3 കേരളത്തിലെ ആദ്യത്തെ അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന് പരിചയസമ്പന്നരായ കരാറുകാരെ ലഭിക്കുവാൻ വേണ്ട അളവുകോലായ പ്രീക്വാളിഫിക്കേഷൻ ഒഴിവാക്കി ടെണ്ടർ ക്ഷണിച്ചത് കൂടുതൽ മത്സരത്തിന് വേണ്ടിയാണെന്ന വാദം സ്വീകാര്യമല്ല. പരിചയ സമ്പത്തും വൈദഗ്ധ്യവും ഉള്ള എൽ. & ടി. പോലുള്ള കമ്പനിയെ തെരഞ്ഞെടുക്കുക വഴി പണി കൂടുതൽ മികവോടെയും ലാഭത്തിലും നിർവ്വഹിക്കുവാൻ കഴിയുമായിരുന്നു എന്ന സമിതിയുടെ നിരീക്ഷണത്തിന് വസ്തുനിഷ്ഠമായ വിശദീകരണം നൽകുവാൻ ജി.സി.ഡി.എ.ക്ക് കഴിഞ്ഞിട്ടില്ല. ഏറ്റവും കുറഞ്ഞ നിരക്കിന് മാത്രമേ പരിഗണന നൽകാവൂ എന്ന് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്നത് ചില ഇളവുകളോടെയാണ്. ടെണ്ടർ തുറന്ന ശേഷം വിവിധ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരെ ഒരുമിച്ച് ചർച്ചക്ക് വിളിക്കാത്തത് നിയമപരമല്ല എന്ന മറുപടി തന്നിട്ടുണ്ട്. എന്നാൽ, സ്ഥാപനത്തിന്റെ സാമ്പത്തിക താൽപ്പര്യം മുൻനിർത്തി ഓരോ സ്ഥാപനവുമായി പ്രത്യേകം ചർച്ചയ്ക്ക് തയ്യാറായില്ല എന്നതും അപാകതയാണ്. H.S.C.L.-ന് പ്രൈസ് പ്രിഫറൻസ്

ഉണ്ടെന്നും കേന്ദ്രസർക്കാരിൽനിന്ന് ശിപാർശ കത്ത് ലഭിച്ചിരുന്നുവെന്നും ജി.സി.ഡി.എ. അവകാശപ്പെടുന്നു. കേന്ദ്രസർക്കാരിൽ നിന്നും യാതൊരു സാമ്പത്തിക സഹായവും ലഭ്യമാകാത്ത സാഹചര്യത്തിൽ, H.S.C.L.-ന് കരാർ കൊടുക്കുന്നതാണ് സുരക്ഷിതം എന്ന വാദഗതിയിൽ സമിതി ഉന്നയിച്ച സംശയത്തിന് വ്യക്തമായ മറുപടി ലഭ്യമല്ല.

3.4.4 നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റി പ്രായോഗിക ജ്ഞാനമുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് പോലും അവഗണിച്ച്, ജി.സി.ഡി.എ.-യുടെ താൽപ്പര്യങ്ങൾ കണക്കിലെടുക്കാതെ ചെയർമാൻ തീരുമാനങ്ങൾ അടിച്ചേൽപ്പിച്ചു എന്ന നിരീക്ഷണത്തിന് വിശദീകരണം നൽകിയിട്ടില്ല.

ഖണ്ഡിക നമ്പർ 98

ശിപാർശ

3.5 ജവഹർലാൽ നെഹ്റു സ്റ്റേഡിയം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കിയില്ല എന്ന വസ്തുതയും പിന്നീട് എസ്റ്റിമേറ്റിലെ ഭൂരിപക്ഷം ഇനങ്ങൾക്കും ഭേദഗതി വരുത്തി ചെലവുകൂടിയ ഇനങ്ങളായി മാറ്റി കോൺട്രാക്ടർക്ക് അധിക തുക നൽകി എന്നതും കൂട്ടിവായിക്കുമ്പോൾ ജി.സി.ഡി.എ.-യുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനേക്കാൾ സ്വന്തം മനോധർമ്മം അനുസരിച്ച് പ്രവർത്തിക്കുന്നതിനാണ് മുൻതൂക്കം നൽകിയിരിക്കുന്നതെന്നും ഇഷ്ടാനുസരണം നിർമ്മാണ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുന്നതിന് വേണ്ടി തന്നെയാണ് സാങ്കേതികാനുമതി ലഭ്യമാക്കാത്തതെന്നും സമിതി സംശയിക്കുന്നു. പദ്ധതി നിർവ്വഹണത്തിനായി കോൺട്രാക്ടറെ തെരഞ്ഞെടുത്തതിലും ദുരൂഹതയുണ്ട്. ഫൈനൽ ബിൽ തയ്യാറാക്കി പാസ്സാക്കി സെറ്റിൽ ചെയ്യാത്തതും മനഃപൂർവ്വമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകളും കൂടെക്കൂടെ ഡിസൈനിൽ വരുത്തിയ മാറ്റങ്ങളും ശില്പവിദഗ്ധന്റെ വൈദഗ്ധ്യത്തെക്കുറിച്ചും സംശയം ജനിപ്പിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.5.1. 1994 ഏപ്രിൽ 17-നാണ് സ്റ്റേഡിയത്തിന്റെ പണി ആരംഭിച്ചത്. 34 ഏക്കർ സ്ഥലത്താണ് ടി പ്രോജക്ട് നിലകൊള്ളുന്നത്. 1500 കാറുകൾക്കും 150 ബസ്സുകൾക്കും 1000 ഇരുചക്രവാഹനങ്ങൾക്കും പാർക്ക് ചെയ്യാൻ പറ്റുന്ന പ്രകാരമാണ് ടി പ്രോജക്ട് കംപ്ലീറ്റ് ചെയ്തത്. ചെളിക്കുണ്ടായി വെള്ളം കെട്ടി കിടന്നിരുന്ന ടി പ്രദേശത്ത് 665 ദിവസങ്ങൾ കൊണ്ടാണ് അന്തർദേശീയ നിലവാരത്തിൽ സ്റ്റേഡിയം പൂർത്തീകരിച്ചത്. എല്ലാവിധ സ്ട്രക്ച്ചറൽ ഡീറ്റയിൽസ് ഐ.ഐ.ടി. മദ്രാസിന്റെ ഡിസൈൻ പ്രകാരമുള്ളതും ആയവ ശില്പവിദഗ്ധൻ പരിശോധിച്ചതുമാണ്. അപ്രകാരം പൂർത്തീകരിച്ച ജോലികൾക്കാണ് പേയ്മെന്റ് നൽകിയിട്ടുള്ളത്. ടി സ്റ്റേഡിയം പ്രോജക്ടിന് മേൽക്കൂര ഉൾപ്പെടെ

73.32 കോടി രൂപയാണ് എസ്റ്റിമേറ്റ് തുകയുള്ളത്. അതിൽ 8.27 കോടി രൂപ മേൽക്കൂരക്ക് വേണ്ടിയായിരുന്ന ഫൈനൽ ബില്ല് പ്രകാരം 62.58 കോടി രൂപയുടെ പണിയാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് തുകയ്ക്കകത്തുനിന്ന് തന്നെ സമയബന്ധിതമായി തീർത്ത പദ്ധതിയാണ്. ടെണ്ടർ വ്യവസ്ഥ അനുസരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്നത് കേന്ദ്രപൊതുമേഖലാ സ്ഥാപനമായ എച്ച്.എസ്.സി.എൽ. ആണ്. കേന്ദ്ര സർക്കാർ ഉത്തരവിൻപ്രകാരം 10% വരെ നിരക്കിൽ മറ്റ് സ്വകാര്യ സ്ഥാപനങ്ങളെക്കാൾ കൂടുതലായി ക്വാട്ട് ചെയ്താൽപോലും ടെണ്ടർ കൊടുക്കുവാൻ ബാദ്ധ്യസ്ഥരുമാണ്. ടെണ്ടർ ടാബുലേഷൻ അനുസരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതായി കാണുന്ന യൂണിടെക് എന്ന കമ്പനിയുടെ അക്ഷരത്തിലും അക്കത്തിലുമുള്ള നിരക്കുകൾ തമ്മിൽ പൊരുത്തക്കേട് ഉണ്ടായതിനാൽ സൂക്ഷ്മപരിശോധനയിൽ 71.77 കോടി അക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തിയത് 77.37 കോടി എന്ന് കണ്ടെത്തുകയും ടെണ്ടർ വ്യവസ്ഥ അനുസരിച്ച് അക്ഷരത്തിൽ രേഖപ്പെടുത്തിയ തുകയാണ് (77.37 കോടി) പരിഗണിക്കേണ്ടത്. കൂടാതെ യൂണിടെക് ഒരു സ്വകാര്യസ്ഥാപനവും എച്ച്.എസ്.സി.എൽ. ഒരു പൊതുമേഖലാ സ്ഥാപനവും ആണ്.

3.5.2. ജി.സി.ഡി.എ.-യും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമാകയാൽ കൃത്യനിർവ്വഹണത്തിലും കണക്കുകളുടെ കൃത്യതയിലും സ്വകാര്യസ്ഥാപനങ്ങളെക്കാൾ മെച്ചപ്പെട്ടതായിരിക്കും എന്നതിനാലും ഇതുമുഖേനയുള്ള എത് തരത്തിലുള്ള മെച്ചവും കൂടുതൽ അർഹിക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ എച്ച്.എസ്.സി.എൽ. തന്നെയാണ്.

3.5.3. 23-2-94-ൽ അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ശ്രീ. കെ. കരുണാകരന്റെ ഔദ്യോഗിക ചേംബറിൽ കൂടിയ ബോർഡ് ഓഫ് മാനേജ്മെന്റ് എടുത്ത തീരുമാനപ്രകാരമാണ് എച്ച്.എസ്.സി.എൽ.-ന് കരാർ ഉറപ്പിച്ചതും. ഓരോ സ്ട്രക്ച്ചറൽ എലമെന്റിനും പ്രബലത്തിന്റെ തോത് നിശ്ചയിക്കുന്നത് അതാത് എലമെന്റിന്റെ പ്രത്യേകതയും ആവശ്യകതയും അനുസരിച്ചിട്ടാണ്. ഒരു പ്രബലിത കോൺക്രീറ്റ് ഇനത്തിന് പ്രബലനം 6 kg എന്നോ 42 kg എന്നോ കൃത്യമായി നിർവ്വഹിച്ചിട്ടുള്ളതല്ല. എന്നാലും അടങ്കൽ തയ്യാറാക്കുന്ന വേളയിൽ (സ്ട്രക്ച്ചറൽ ഡിസൈൻ കിട്ടുന്നതിന് മുൻപ്) കോൺക്രീറ്റിന് അനുപാതികമായി തമ്പ് റൂൾ അനുസരിച്ചാണ് മിനിമം പ്രബലനം ശതമാനം നിരക്കിൽ ഉൾപ്പെടുത്തുകയും പ്രവൃത്തി ചെയ്യുന്ന വേളയിൽ ടി ഇനത്തിന് ആവശ്യമായ ഡിസൈൻ പ്രകാരം പ്രബലനം നൽകുമ്പോൾ അടങ്കൽ നിരക്കിൽ നിന്ന് വ്യതിയാനം സംഭവിക്കുന്നതും സാധാരണമാണ്. മേൽ വിവരിച്ച വ്യതിയാനങ്ങൾ ചെയ്തത് ഡിസൈൻ കൺസൾട്ടന്റായ മെ.ഐ.ഐ.ടി., ചെന്നൈ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

3.5.4 ഒറിജിനൽ എസ്റ്റിമേറ്റിൽ പ്രീകാസ്റ്റ് സീറ്റിംഗ് എലിമെന്റ് ആണ് ഉൾപ്പെടുത്തിയിരുന്നത്. പ്രീകാസ്റ്റ് സീറ്റിംഗ് എലിമെന്റ് 28 ദിവസത്തിനുശേഷം മാത്രമേ മാറ്റി സ്ഥാപിക്കുന്നതിന് കഴിയുകയുള്ളൂ. ഈ പ്രവൃത്തി ചെയ്യുന്നതിന് ചുരുങ്ങിയത് 12 ഏക്കർ സ്ഥലം വേണ്ടി വരും. പ്രസ്തുത സാഹചര്യത്തിലാണ് പ്രീകാസ്റ്റ്-പ്രീ സ്ട്രസ്ഡ് രീതിയിൽ സീറ്റിംഗ് എലമെന്റ് നിർമ്മിക്കുന്നതിന് ആർക്കിടെക്ട് നിർദ്ദേശിച്ചത്. പ്രീ സ്ട്രെസ്ഡ് പ്രീ-കാസ്റ്റ് സീറ്റിംഗ് എലിമെന്റിന്റെ നിർമ്മാണത്തിന് ഒരു എലമെന്റ് ഉണ്ടാക്കുന്നതിന് 24 മണിക്കൂർ മതി എന്നും അതിന് ശേഷം എടുത്തുമാറ്റി സ്ഥാപിക്കാൻ കഴിയും എന്നതുമൂലം സ്ഥലപരിമിതി ഒഴിവാക്കുകയും വളരെ വേഗത്തിൽ ജോലി പൂർത്തിയാക്കാൻ സാധിക്കുകയും ചെയ്തു. പ്രീ-കാസ്റ്റ് രീതിയാണ് അവലംബിച്ചിരുന്നതെങ്കിൽ ഇതേ ജോലി പൂർത്തിയാക്കുന്നതിന് ഏകദേശം 2 വർഷമെങ്കിലും വേണ്ടി വരുകയും സ്റ്റേഡിയത്തിന്റെ നിർമ്മാണച്ചെലവ് എസ്റ്റിമേറ്റിനും വളരെയധികം ഉയരുകയും ചെയ്തേക്കാം. സ്റ്റേഡിയത്തിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ മെ.ഹാരിസൺ മലയാളത്തിനെയാണ് എച്ച്.എസ്.സി.എൽ. ഏല്പിച്ചിരുന്നത്. 1999-ൽ മെ.ഹാരിസൺ എച്ച്.എസ്.സി.എൽ.-ന് എതിരെ പേയ്മെന്റ് സംബന്ധിച്ച് കേസ് ഫയൽ ചെയ്യുകയും ജി.സി.ഡി.എ.-യെ കക്ഷി ചേർക്കുകയുമുണ്ടായി. ടി കേസ് സെറ്റിൽ ചെയ്യാത്തതിനാലാണ് ഫൈനൽ ബിൽ സെറ്റിൽ ചെയ്യാത്ത സാഹചര്യം നിലനിൽക്കുന്നത്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.5.5 പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടില്ല. സ്ട്രക്ച്ചറൽ ഡീറ്റെയിൽസ് I.I.T. Chennai-യുടെ ഡിസൈൻ പ്രകാരമാണെന്ന് അവകാശപ്പെടുന്നു. ജി.സി.ഡി.എ.-യുടെ സ്ട്രക്ച്ചറൽ ഡിസൈൻ I.I.T. അംഗീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തി നടക്കുന്ന വേളയിൽ ആവശ്യാനുസരണം Reinforcement-ൽ വ്യത്യാസം വരുത്തിയത് I.I.T. സാക്ഷ്യപ്പെടുത്തി എന്നും വിശദീകരിക്കുന്നു. പ്രീ-കാസ്റ്റ്-പ്രീ സ്ട്രസ്ഡ് സീറ്റിംഗ് എലിമെന്റ്സ് ഉപയോഗിച്ചത് അംഗീകരിക്കാവുന്നതാണെങ്കിലും ഈയിനം എസ്റ്റിമേറ്റിൽ ആദ്യം തന്നെ ദീർഘവീക്ഷണത്തോടെ ഉൾപ്പെടുത്തിയിരുന്നില്ല. ഫൈനൽ ബിൽ സെറ്റിൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. സമിതിയുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനാവശ്യമായ മറുപടി ഹാജരാക്കിയിട്ടില്ല.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021, ആഗസ്റ്റ് 10.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർ ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/തുടർശിപാർശകൾ |
|---|---|---|---|
| 1 | 2.1.4 | വിശാലകൊച്ചി വികസന അതോറിറ്റി/ തദ്ദേശസ്വയംഭരണ വകുപ്പ് | സാങ്കേതികാനുമതി കൂടാതെ ജി.സി.ഡി.എ. പ്രോജക്ട് നടപ്പിലാക്കിയ നടപടി ക്രമരഹിതവും നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധവുമായതിനാൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.3.4 | ,, | സ്റ്റേഡിയം നിർമ്മാണത്തിന്റെ ഫൈനൽ ബിൽ സെറ്റിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.4.4 | ,, | കേസിന്റെ വിധിക്കനുസരിച്ച് തുടർനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 4 | 2.5.4 | ,, | ടെണ്ടർ എക്സസ് അനുവദിച്ചതിലുണ്ടായ നഷ്ടത്തുക ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 2.6.4 | ,, | നഷ്ടോത്തരവാദിയിൽ നിന്നും തുക ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 2.7.5 | ,, | ജി.സി.ഡി.എ. പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച ആകെ തുക കണക്കാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ഈ വിഷയം സംബന്ധിച്ച സമഗ്ര അന്വേഷണം നടത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |